## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3777 — 11-12-2018 ൽ മറുപടിക്ക്

# ജലഗതാഗത വകുപ്പ് മുഖേന ലഭ്യമാക്കുന്ന യാത്ര സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ്: | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പ് സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ യാത്ര സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) | ജലഗതാഗത വകുപ്പ്, സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ്, കൊല്ലം എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ആഫീസുകൾ കേന്ദ്രീകരിച്ച് 52 ഷെഡ്യൂളുകൾ നടത്തിവരുന്നു. സ്റ്റേഷൻ ആഫീസുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | ഈ വർഷം പുതിയതായി ഏതൊക്കെ റൂട്ടുകളിലാണ് ജലഗതാഗത വകുപ്പ് ബോട്ടുകൾ ഇറക്കിയത്; വ്യക്തമാക്കുമോ; | (ബി) | 120 പാസഞ്ചർ കപ്പാസിറ്റിയുള്ള (40 AC+ 80 Non AC) ബോട്ടുപയോഗിച്ച് വൈക്കം-എറണാകുളം റൂട്ടിൽ ഒരു പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസും 5 റസ്ക്യൂ & ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആലപ്പുഴ, മുഹമ്മ, |

| ജില്ല | സ്റ്റേഷൻ ആഫീസുകൾ |
|---|---|
| ആലപ്പുഴ | ആലപ്പുഴ, നെടുമുടി, എടത്വാ, പാണാവള്ളി, പുളിങ്കുന്ന്, കാവാലം, മുഹമ്മ |
| കോട്ടയം | വൈക്കം, ചങ്ങനാശ്ശേരി, കോട്ടയം |
| എറണാകുളം | എറണാകുളം |
| കൊല്ലം | കൊല്ലം |
| കണ്ണൂർ | പറശ്ശിനിക്കടവ് |
| കാസർഗോഡ് | ആയിറ്റി (തൃക്കരിപ്പൂർ പഞ്ചായത്ത്) |

കൂടാതെ 5 റസ്ക്യൂ & ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആലപ്പുഴ, മുഹമ്മ, പാണാവള്ളി, വൈക്കം, എറണാകുളം എന്നിവിടങ്ങളിലായി ആംബുലൻസ് സർവ്വീസും നടത്തിവരുന്നു.

| | | | |
|---|---|---|---|
| | | | പാണാവള്ളി, വൈക്കം, എറണാകുളം എന്നിവിടങ്ങളിലായി ആംബുലൻസ് സർവ്വീസും ഈ വർഷം പുതിയതായി ആരംഭിച്ചിട്ടുണ്ട്. |
| (സി) | ജലഗതാഗത വകുപ്പ് ഈ വർഷം പുതിയതായി എത്ര ബോട്ടുകൾ വാങ്ങി; കണക്കുകൾ ലഭ്യമാക്കുമോ? | (സി) | ഈ സാമ്പത്തിക വർഷം പുതുതായി ജലഗതാഗത വകുപ്പ് 5 റസ്ക്യൂ ബോട്ടുകളും ഒരു 120 PC പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടും (VEGA 120) നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ G.O.(Rt) No. 144/2018/Trans dated 31-03-2018 പ്രകാരം 2 വാട്ടർ ടാക്സികളും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ബോട്ടും വാങ്ങുന്നതിനും G.O.(Rt) No. 270/2018/Trans dated 13-06-2018 പ്രകാരം 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ബോട്ട് വാങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ച് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ